**പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2) കൺവീനറുടെ നടപടിക്രമം**

(ഹാജർ: കെ സതീഷ് കുമാർ)

സംഗ്രഹം:- തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല-ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)- തീരുമാനം സംബന്ധിച്ച്

പരാമർശം:- 1. ശ്രീമതി പ്രീത, വാഴതൊടി, തൃക്കടീരി എന്നവർ നവകേരള സദസ് മുമ്പാകെ നൽകിയ പരാതി

2. ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)യുടെ 18/01/2024 തിയതിയിലെ തീരുമാനം

**<u>ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 19/01/2024</u>**

ശ്രീമതി പ്രീത, വാഴതൊടി, തൃക്കടീരി എന്നവർ നവകേരള സദസ് മുമ്പാകെ, താൻ നിർമിച്ച വീടിനു , ഭൂമിയുടെ തരം നിലം എന്ന വിഭാഗത്തിൽ പെട്ടതിനാൽ തൃക്കടീരി ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിടനമ്പർ അനുവദിച്ചില്ലെന്നും ഈ പ്രശ്നം പരിഹരിക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ പരാതി പരിശോധിച്ചു. പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും വിശദമായ റിപ്പോർട്ട് ലഭ്യമാക്കി. അപേക്ഷക പഞ്ചായത്തിൽ കെട്ടിടനമ്പർ അനുവദിക്കുന്നതിനാവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതും, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലേയും ചട്ടത്തിലേയും വ്യവസ്ഥകൾ അനുസരിച്ച് കെട്ടിടനമ്പർ അനുവദിക്കാൻ കഴിയുന്നതാണെങ്കിൽ അപ്രകാരം അനുവദിക്കുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു. അപേക്ഷകയിൽ നിന്നും പുതിയ അപേക്ഷ ലഭിക്കുന്ന മുറക്ക്, 30 ദിവസത്തിനകം കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

കെ സതീഷ് കുമാർ
ഇന്റേണൽ വിജിലൻസ് ഓഫീസർ
തദ്ദേശസ്വയംഭരണവകുപ്പ്, പാലക്കാട്

പകർപ്പ്: ശ്രീമതി പ്രീത, വാഴതൊടി, തൃക്കടീരി